## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6886** **02.11.2011- ൽ മറുപടിനൽകേണ്ടത്.**

### വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ പി.സി.ജോർജ്ജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ചീനിക്കോണം മണികണ്ഠേശ്വരം വാർഡിൽ കൈലാസ് നഗറിൽ സർവ്വേ നമ്പർ 902/38-ൽ ഉൾപ്പെടുന്ന ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 230/36-ൽ 1.25 ആർ വിസ്തീർണ്ണമുള്ള വസ്തു ആരുടെ പേരിലെന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 230/36-ൽ 1.25 ആർ വിസ്തീർണ്ണമുള്ള വസ്തു ചെല്ലമ്മ മകൾ റോസമ്മയുടെ പേരിൽ ഉള്ളതാണ്. |
| (ബി) പ്രസ്തുത വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് തടസ്സം നിൽക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ പാതിരിപ്പള്ളി വാർഡിൽ ത്രിവേണി ഗാർഡൻസ് III ലൈൻ കുഴിവിള വീട്ടിൽ ചെല്ലമ്മ മകൾ ശ്രീമതി റോസമ്മ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടുവോ; ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതി 13.10.2011-ൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിൽ നൽകുകയും അവിടെനിന്ന് പേരൂർക്കട വില്ലേജ് ഓഫീസർക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) വികലാംഗയും അവിവാഹിതയുമായ പ്രസ്തുത വ്യക്തിയുടെ വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര മേൽ നടപടി സ്വീകരിക്കുമോ? | (സി) ടി പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് പേരൂർക്കട വില്ലേജ് ഓഫീസിൽനിന്നും റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിലേയ്ക്ക് അയച്ചിട്ടുള്ളതും ആയത് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരിഗണനയിലിരിക്കുന്നതുമാണ്. ടി വിഷയത്തിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസ് മുഖാന്തിരം നടപടി സ്വീകരിച്ച് വിവരം പരാതികക്ഷിയെ അറിയിക്കുവാൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകുമെന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ